(ഡി) സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി അപ്രകാരം ചെയ്ത തുക പദ്ധതി ചെലവിൽപ്പെടുത്തിയിട്ടില്ല. അവ അടുത്ത വർഷത്തെ പദ്ധതിവിഹിതത്തിൽ കുറവു ചെയ്യുന്നുണ്ട്.

(ഇ) ഇത്തരത്തിലുള്ള ആരോപണങ്ങളോ ക്രമക്കേടുകളോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഇല്ല.

120 (621) തദ്ദേശസ്വയംഭരണ വകുപ്പിൽ കമ്പ്യൂട്ടർ വൽക്കരണം

ശ്രീ. ആന്റണി രാജു :

ശ്രീ. പി.സി. ജോർജ്ജ് :

ശ്രീ. മോൻസ് ജോസഫ് :

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) പഞ്ചായത്തുകളിൽ ഇൻഫർമേഷൻ ടെക്നോളജി കിയോസ്ക് സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഇതുമൂലം ജനങ്ങൾക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഉണ്ട്. തദ്ദേശ ഭരണ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) പ്രാരംഭ ഘട്ടത്തിലാണ്.

(സി) ഉണ്ട്. എല്ലാ പഞ്ചായത്തുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഇന്റർനെറ്റ് പദ്ധതിക്ക് ആരംഭം കുറിച്ചിട്ടുണ്ട്.

(ഡി) ഘട്ടംഘട്ടമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) വിവര സാങ്കേതികവിദ്യയുടെ പ്രയോജനം ഗ്രാമപ്രദേശങ്ങളിൽ എത്തിക്കുന്നതിനും പൊതുജനങ്ങളുടെ പരാതികൾക്ക് തീർപ്പു കൽപ്പിക്കാനുള്ള കാലതാമസം ഒഴിവാക്കാനും സാധിക്കുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly